LIBRARY ARCHIVES Kerala Legislative Assembly

സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനു പ്രത്യേക കൗണ്ടർ സംവിധാനം

97 [1468] ശ്രീ. എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. എ. ഇ.-ൽ വിസാ ചട്ടങ്ങൾ നിലവിൽ വന്നതിനെ തുടർന്ന് ജോലി തേടി പോകുന്നവരുടെ പ്രയാസങ്ങൾ പരിഗണിച്ച് സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേരളത്തിൽ കൗണ്ടർ തുടങ്ങാനുള്ള പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കൗണ്ടർ എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് കൗണ്ടറുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) യു. എ. ഇ. തുടങ്ങിയ ചില ഗൾഫ് രാജ്യങ്ങൾ വിസാ നിയമങ്ങൾ കർശനമാക്കിയതിനെ തുടർന്ന് പ്രസ്തുത രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിന് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ പ്രാദേശിക കൗണ്ടർ നോർക്ക വകുപ്പിന്റെ ഫീൽഡ് ഏജൻസിയായ, തിരുവനന്തപുരത്ത് വഴുതക്കാട് പ്രവർത്തിക്കുന്ന 'റൂട്ട്സ്-എൻ. ആർ. കെ. ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ്'-ന്റെ ഓഫീസിൽ 30-1-2004 മുതൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(സി) ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്നവരുടെ വിദ്യാഭ്യാസ യോഗ്യതാ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനുള്ള പ്രാദേശിക കൗണ്ടർ ഇപ്പോൾ തിരുവനന്തപുരത്ത് മാത്രമാണ് ആരംഭിച്ചിട്ടുള്ളത്.

വിദേശത്ത് പോകുന്നവരുടെ സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തുന്നതിനു പുതുതായി ഒരു കേന്ദ്രം തുടങ്ങാൻ നടപടി

98 [1469] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തു പോകുന്നവരുടെ സർട്ടിഫിക്കറ്റ് സാക്ഷ്യപ്പെടുത്തുന്നതിനായി കേരളത്തിൽ ഒരു കേന്ദ്രം എവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ;